**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1082** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിക്കാർക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളും ജലസ്രോതസ്സുകളും നവീകരിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ; | (എ) | നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ് പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, റീബിൽഡ് കേരള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം ജല സ്രോതസ്സുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കെ.എൽ.ഡി.സി എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ പരദൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുളം നവീകരണം, കൊഴിഞ്ഞാമ്പാറ കൃഷിഭവന് കീഴിലുള്ള വലിയേരി, മൂപ്പനേരി, ചേമനരി എന്നീ ജലസ്രോതസ്സുകൾ വൃത്തിയാക്കി ആഴപ്പെടുത്തി ജലസംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ കൃഷി എഞ്ചിനീയറിംഗ് വിഭാഗം മുഖേന പൂർത്തീകരിക്കുകയും, പരദൂർ ഗ്രാമ പഞ്ചായത്തിലെ നന്നാർച്ചിറക്കുളം നവീകരണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യം വഴി അടഞ്ഞ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി കുടിവെള്ളവും, കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 'സഹസ്രസരോവർ' എന്ന ബൃഹത്പദ്ധതി കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി വരുന്നു. എക്കൽ നീക്കി കുളങ്ങളുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക, തിട്ടബലപ്പെടുത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനം, പടവുകളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുന്നു. |
| (ബി) | കുളങ്ങൾ നവീകരിക്കുന്ന പദ്ധതിക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (ബി) | നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ് പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും |

| | | | |
|---|---|---|---|
| | | | പുനരുജ്ജീവന പദ്ധതി, റീബിൽഡ് കേരള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം ജല സ്രോതസ്സുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കെ.എൽ.ഡി.സി എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ പരദൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുളം നവീകരണം, കൊഴിഞ്ഞാമ്പാറ കൃഷിഭവന് കീഴിലുള്ള വലിയേരി, മൂപ്പനേരി, ചേമനരി എന്നീ ജലസ്രോതസ്സുകൾ വൃത്തിയാക്കി ആഴപ്പെടുത്തി ജലസംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ കൃഷി എഞ്ചിനീയറിംഗ് വിഭാഗം മുഖേന പൂർത്തീകരിക്കുകയും, പരദൂർ ഗ്രാമ പഞ്ചായത്തിലെ നനാർച്ചിറക്കുളം നവീകരണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യം വഴി അടഞ്ഞ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി കുടിവെള്ളവും, കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 'സഹസ്രസരോവർ' എന്ന ബൃഹത്പദ്ധതി കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി വരുന്നു. എക്കൽ നീക്കി കുളങ്ങളുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക, തിട്ടബലപ്പെടുത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനം, പടവുകളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ കുളങ്ങൾ കൃഷി വകുപ്പ് മുഖേന നവീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 12 കുളങ്ങൾ കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തന കാലത്ത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നവീകരിക്കുകയും 3 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ